**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് – ജില്ലാ പദ്ധതിയിലെ സംയോജിത പരിപാടികൾക്ക് പ്രോത്സാഹന ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്**

സ.ഉ. (എം.എസ്) നം. 106/2018/പ്ലാനിംഗ് തീയതി, തിരുവനന്തപുരം, 06/08/2018

പരാമർശം: 1. 23.09.2017-ലെ സ.ഉ.(പി)നം.19/2017/പ്ലാനിംഗ്

2. സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 05/04/2018 ലെ എസ്.പി.ബി/002/17/ഡി.പി.ഡി നമ്പർ കത്ത്

**ഉത്തരവ്**

ജില്ലാ ആസൂത്രണ സമിതികളുടെ ആഭിമുഖ്യത്തിൽ ജില്ലാ പദ്ധതികൾ തയ്യാറാക്കുന്ന തിനുള്ള മാർഗരേഖ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. ജില്ലാ പദ്ധതിയിലെ സംയോജിത പരിപാടികൾ ഏറ്റെടുത്തു നടപ്പാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രാദേശിക സർക്കാരുകൾക്ക് ധനസഹായം നൽകുവാൻ 2018-19 ലെ സംസ്ഥാന ബജറ്റിൽ '2515-00-102-31' എന്ന ശീർഷകത്തിൽ 30 കോടി രൂപയും '2217-05-800-69' എന്ന ശീർഷകത്തിൽ 10 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ആയതിനാൽ, ജില്ലാ പദ്ധതിയിലെ സംയോജിത പരിപാടികളെ സംബന്ധിക്കുന്ന ആശയങ്ങൾ നിർവ്വഹണത്തിന് യോഗ്യമായ സംയോജിത പരിപാടികളായി മാറ്റുന്നതിനും അർഹമായ സംയോജിത പരിപാടികൾക്ക് മേൽപറഞ്ഞ ബജറ്റ് ശീർഷകങ്ങളിൽ നിന്നും പ്രോത്സാഹന ധനസഹായം അനുവദിക്കുന്നതിനുമുള്ള കരട് മാർഗരേഖ അംഗീകരിച്ചു ഉത്തരവാകണമെന്ന് സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറി പരാമർശം രണ്ടിലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ പദ്ധതിയിലെ സംയോജിത പരിപാടികളെ സംബന്ധിക്കുന്ന ആശയങ്ങൾ നിർവ്വഹണത്തിന് യോഗ്യമായ സംയോജിത പരിപാടികളായി മാറ്റുന്നതിനും അർഹമായ സംയോജിത പരിപാടികൾക്ക് മേൽപ്പറഞ്ഞ ബജറ്റ് ശീർഷകത്തിൽ നിന്നും പ്രോത്സാഹന ധനസഹായം അനുവദിക്കുന്നതിനും അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**
ജോയിന്റ് സെക്രട്ടറി

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
എല്ലാ ജില്ലാ ആസൂത്രണ സമിതികളുടെയും ചെയർപേഴ്സൺമാർക്കും മെമ്പർ സെക്രട്ടറിമാർക്കും
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും / സെക്രട്ടറിമാർക്കും /സ്പെഷ്യൽ സെക്രട്ടറിമാർക്കും
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
സെക്രട്ടേറിയറ്റലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും
നിയമസഭാ സെക്രട്ടറിയ്ക്ക് (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും (ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർ)
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭ ചെയർമാൻമാർക്കും, സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

അനുബന്ധം

# ജില്ലാ പദ്ധതിയിലെ സംയോജിത പരിപാടികൾക്ക് പ്രോത്സാഹന ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗരേഖ

## 1. ആമുഖം

1.1. ജില്ലാ ആസൂത്രണ സമിതികളുടെ ആഭിമുഖ്യത്തിൽ ജില്ലാ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ സ.ഉ.(പി)നം.19/2017/പ്ലാനിംഗ്; തീയതി 23.09.2017 പ്രകാരം പുറപ്പെടുവിച്ചതിനെ തുടർന്ന് എല്ലാ ജില്ലകളിലും കരട് ജില്ലാ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

1.2. ജില്ലാ പദ്ധതിയുടെ ലക്ഷ്യങ്ങളിൽ പ്രധാനം ജില്ലയിൽ വിവിധ ഏജൻസികൾ നടത്തുന്ന വികസന പ്രവർത്തനങ്ങളുടെ ഏകോപനമാണ്. ഇത്, സാധ്യമാക്കുന്ന തരത്തിൽ കേന്ദ്ര/ സംസ്ഥാന/പ്രാദേശിക സർക്കാരുകളുടെ പരിപാടികളും മറ്റ് വികസന ഏജൻസികളുടെ പരിപാടികളും സമന്വയിപ്പിച്ച് താരതമ്യേന വലുതും ഫലദായകവുമായ പരിപാടികളുടെ ആശയങ്ങൾക്ക് ജില്ലാ പദ്ധതിയുടെ ഭാഗമായി രൂപം നൽകിയിട്ടുണ്ട്.

1.3. ജില്ലാ പദ്ധതിയിലെ സംയോജിത പരിപാടികൾ ഏറ്റെടുക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രാദേശിക സർക്കാരുകൾക്ക് ധനസഹായം നൽകുവാൻ 2018-19 ലെ സംസ്ഥാന ബജറ്റിൽ '2515-00-102-31' എന്ന ശീർഷകത്തിൽ 30 കോടി രൂപയും '2217-05-800-69' എന്ന ശീർഷകത്തിൽ 10 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടുതൽ തുക ആവശ്യമായി വരികയാണെങ്കിൽ അത് ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

1.4. ജില്ലാ പദ്ധതിയിലെ സംയോജിത പരിപാടികളെ സംബന്ധിക്കുന്ന ആശയങ്ങൾ നിർവ്വഹണ ത്തിന് യോഗ്യമായ സംയോജിത പരിപാടികളായി മാറ്റുന്നതിനും അർഹമായ സംയോജിത പരിപാടികൾക്ക് മേൽപറഞ്ഞ ബജറ്റ് ശീർഷകങ്ങളിൽ നിന്നും പ്രോത്സാഹന ധനസഹായം അനുവദിക്കുന്നതിനുമുള്ള മാർഗനിർദ്ദേശങ്ങൾ ചുവടെ വിവരിക്കുന്നു.

## 2. സംയോജിത പരിപാടികൾ

2.1. വികസന പ്രശ്നങ്ങളെ അതിന്റെ സമഗ്രതയിൽ കണ്ട് ധനപരവും അല്ലാത്തതുമായ എല്ലാ സംയോജന സാധ്യതകളും പരിഗണിച്ച് പരിഹരിക്കുന്നതിനുവേണ്ടി രൂപപ്പെടുത്തുന്ന പരിപാടികളെയാണ് സംയോജിത പരിപാടികൾ (integrated programmes) എന്ന് പറയുന്നത്. ഇവിടെ സ്ഥലപരമായ സംയോജനം (spatial integration), ഒന്നിലേറെ വിഷയ മേഖലകളുടെ സംയോജനം (ഉദാ: കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് തുടങ്ങിയ മേഖലകളുടെ സംയോജനം), വിഭവങ്ങളുടെ സംയോജനം (കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ വിഹിതം, എം.പി/എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ട് വിഹിതം, മിഷനുകളുടെ വിഹിതം, പ്രാദേശിക സർക്കാരുകളുടെ വിഹിതം, മറ്റ് വികസന ഏജൻസികളുടെ വിഹിതം എന്നിവയുടെ സംയോജനം) തുടങ്ങിയ സംയോജന സാധ്യതകൾ എല്ലാം പരിഗണിക്കണം. അതോടൊപ്പം മുൻ-പിൻ ബന്ധങ്ങൾ (forward and backward linkages) പരിഗണിക്കുകയും വേണം.

2.2. സംയോജിത സമീപനം ഓരോ തദ്ദേശ ഭരണ സ്ഥാപനതലത്തിലും ജില്ലാതലത്തിലും അനിവാര്യമാണ്. പ്രാദേശിക സർക്കാരുകൾ ഒറ്റയ്ക്കോ കൂട്ടായോ സംയോജിത പരിപാടികൾ ഏറ്റെടുക്കുന്നതിനെ ജില്ലാ ആസൂത്രണ സമിതികൾ പ്രോത്സാഹിപ്പിക്കണം.

## 3. സംയോജിത പരിപാടികൾ ആവിഷ്കരിക്കൽ

3.1 സംയോജന ആശയങ്ങൾ ജില്ലാ പദ്ധതിയുടെ ഭാഗമായി രൂപപ്പെട്ടിട്ടുണ്ടെങ്കിലും അവ സംയോജിത പരിപാടികളായി രൂപാന്തരപ്പെടുത്തി വിശദ പദ്ധതി റിപ്പോർട്ട് (detailed project report) തയ്യാറാക്കുക, പങ്കാളികൾക്കിടയിൽ അഭിപ്രായ സമന്വയം ഉണ്ടാക്കുക, ആവശ്യമായ തലങ്ങളിൽ നിന്നും അംഗീകാരം നേടിയെടുക്കുക തുടങ്ങിയ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിന് ജില്ലാ ആസൂത്രണ സമിതി നേതൃത്വം നൽകണം.

3.2 ജില്ലാ പദ്ധതിയിലെ സംയോജിത പരിപാടികളുടെ മുൻഗണനാക്രമത്തെ അടിസ്ഥാനമാക്കി 2018-19 ൽ ഏറ്റെടുക്കാൻ കഴിയുന്ന പരിപാടികൾ ഏതൊക്കെയെന്ന് ജില്ലാ ആസൂത്രണ സമിതി തീരുമാനമെടുക്കണം. കൂടുതൽ പരിപാടികൾ ഏറ്റെടുക്കുന്നതിനേക്കാൾ പരിപാടികളുടെ എണ്ണം കുറവാണെങ്കിൽ തന്നെയും ഗുണമേന്മയ്ക്കും ഫലസിദ്ധിക്കും ആകണം ശ്രദ്ധ നൽകേണ്ടത്. ഖണ്ഡിക 2.1-ലെ സംയോജന നിർദ്ദേശങ്ങൾ പരിഗണിച്ചു വേണം സംയോജിത പരിപാടികൾ നിശ്ചയിക്കേണ്ടത്. സാമാന്യം വലിയ പരിപാടികൾ; അതായത് അടങ്കൽ കൊണ്ടും ഗുണഭോക്തൃ പ്രദേശത്തിന്റെ വലിപ്പം കൊണ്ടും താരതമ്യേന വലിയ പരിപാടികൾ ആയിരിക്കണം തെരഞ്ഞെടുക്കേണ്ടത്.

3.3 തുടർന്ന്, ജില്ലാ ആസൂത്രണ സമിതി ബന്ധപ്പെട്ട ഏജൻസികളുടെ (പങ്കാളികൾ) യോഗം വിളിച്ചുചേർത്ത് അഭിപ്രായ സമന്വയം ഉണ്ടാക്കണം. ഒപ്പം, സംയോജിത പരിപാടിയുടെ സുഗമമായ നിർവ്വഹണം സാധ്യമാക്കുന്നതിനും അതിന്റെ ഏകോപന ചുമതല ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിനും ഓരോ സംയോജിത പരിപാടിയിലും പങ്കാളികളാകുന്ന ഏജൻസികളിൽ നിന്നും ഒരു ഏജൻസിയെ മുഖ്യ പങ്കാളിയായി നിശ്ചയിക്കേണ്ടതുമാണ്. പരിപാടിയിലെ മുഖ്യ പ്രവർത്തനങ്ങൾ നിർവഹണം നടത്തുന്ന ഏജൻസിയെ മുഖ്യ പങ്കാളിയായി നിശ്ചയിക്കാവുന്നതാണ്. എന്നിരുന്നാലും പ്രാദേശിക സർക്കാരുകളുടെ വിഹിതം വികസന വകുപ്പുകൾക്ക് കൈമാറി പരിപാടി നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് മുഖ്യപങ്കാളിയായി ഏതെങ്കിലും ഒരു പ്രാദേശിക സർക്കാരിനെ നിശ്ചയിക്കുന്നതാകും അഭികാമ്യം.

3.4 ഒരു സംയോജിത പരിപാടിയുടെ നിർവ്വഹണത്തിന്, പങ്കാളികളുടെ വിഹിതം മുഖ്യ പങ്കാളിക്ക് കൈമാറി മുഖ്യപങ്കാളി പരിപാടി പൂർണ്ണമായും നടപ്പിലാക്കുന്ന രീതിയോ; അതല്ലെങ്കിൽ വ്യക്തമായി നിർണ്ണയിക്കാൻ കഴിയുന്ന പ്രോജക്ട് ഘടകങ്ങൾ (components) ഉണ്ടെങ്കിൽ അവയ്ക്ക് പ്രത്യേകം പ്രോജക്ടുകൾ തയ്യാറാക്കി ഓരോ ഘടകവും വ്യത്യസ്ത പങ്കാളികൾ നിർവ്വഹണം നടത്തുന്ന രീതിയോ അവലംബിക്കാവുന്നതാണ്.

3.5 ജില്ലാ ആസൂത്രണ സമിതി, മുഖ്യ പങ്കാളിയോട് വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ ആവശ്യപ്പെടണം. വിശദ പദ്ധതി റിപ്പോർട്ടിൽ താഴെ പറയുന്ന വിശദാംശങ്ങൾ നിർബന്ധമായും ഉണ്ടാകണം.

- പരിപാടിയുടെ ആവശ്യകതയും ലക്ഷ്യങ്ങളും
- അടിസ്ഥാന വിവരങ്ങൾ (ഗുണഭോക്തൃ പ്രദേശം, ഗുണഭോക്താക്കൾ തുടങ്ങിയവ)
- പ്രവർത്തനങ്ങൾ/ഘടകങ്ങൾ (Components)/നിർദ്ദേശിക്കുന്ന പ്രോജക്ടുകൾ, ഘട്ടങ്ങൾ, സമയക്രമം മുതലായവ
- സാമ്പത്തിക വിശകലനം (ഘടകങ്ങളും പ്രോജക്ടുകളും ഘട്ടങ്ങളും തിരിച്ച്)
- ഭൗതിക ലക്ഷ്യങ്ങളും പ്രതീക്ഷിത ഫലങ്ങളും
- സംയോജന സാധ്യതകളും സംയോജിപ്പിക്കുന്ന പരിപാടികളും (കേന്ദ്ര/സംസ്ഥാന പദ്ധതികളുമായോ മറ്റ് ഏജൻസികളുടെ പരിപാടികളുമായോ സംയോജിപ്പിക്കുന്നുണ്ടെങ്കിൽ വിഹിതം ഉറപ്പാക്കിയിട്ടുണ്ടോ, ഓരോ ഘടകത്തിനും ഏത് തലത്തിൽ നിന്നുമാണ് അംഗീകാരവും സാങ്കേതികാനുമതിയും വാങ്ങേണ്ടത്, അതിന് വേണ്ട തുടർ നടപടി ആര് സ്വീകരിക്കും തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടെ).
- പങ്കാളികൾ, മുഖ്യ പങ്കാളി മുതലായവ
- നിർവഹണ രീതിയും നിർവഹണ ഏജൻസികളും - പ്രോജക്ടുകൾ തിരിച്ച് (നിർവഹണ ഉദ്യോഗസ്ഥർ ഉൾപ്പെടെ)
- മോണിട്ടറിംഗ് സംവിധാനം

3.6 വിശദ പദ്ധതി റിപ്പോർട്ടിനൊപ്പം തന്നെ നിർമ്മാണ പ്രവൃത്തികൾക്ക് വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കേണ്ടതാണ്.

3.7 സംയോജിത പരിപാടികൾ ഏകവർഷമോ ബഹുവർഷമോ ആകാം. ബഹുവർഷ പരിപാടികൾ ആണെങ്കിൽ അത് ആസൂത്രണ മാർഗ്ഗരേഖയുടെ [സ.ഉ.(എം.എസ്)നം. 11/2018/ത.സ്വ.ഭ.വ. തീയതി 29-01-2018; സ.ഉ.(എം.എസ്) നം. 17/2018/ത.സ്വ.ഭ.വ. തീയതി 02-02-2018] ഖണ്ഡിക 3.5.2-ലെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കണം.

3.8 വ്യത്യസ്ത വിഭാഗം ഫണ്ടുകൾ സംയോജിപ്പിക്കുമ്പോൾ അതത് വിഭാഗം ഫണ്ടുകളുടെ വിനിയോഗത്തിന് ബാധകമായ മാർഗനിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്തുവേണം പ്രോജക്ട് ഘടകങ്ങളും അവയുടെ സ്രോതസ്സും നിശ്ചയിച്ച് വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കേണ്ടത്.

3.9 വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയാൽ പങ്കാളികളുടെ യോഗം വീണ്ടും വിളിച്ചുചേർത്ത് ഏതൊക്കെ ഘടകം ആരൊക്കെ നിർവ്വഹണം നടത്തുമെന്നും ഓരോ പങ്കാളിയും വകയിരുത്തേണ്ട വിഹിതം എത്രയെന്നും നിർവ്വഹണ ഏകോപനം എങ്ങനെയെന്നും ഉള്ള കാര്യങ്ങൾ ചർച്ച ചെയ്ത് അഭിപ്രായ സമന്വയം ഉണ്ടാക്കണം.

3.10 തുടർന്ന് ഓരോ പങ്കാളിയും അവർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഘടകത്തിനോ അല്ലെങ്കിൽ നിശ്ചയിക്കപ്പെട്ട വിഹിതം കൈമാറുന്നതിനോ ഉള്ള പ്രോജക്ടുകൾ തയ്യാറാക്കി വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതും അംഗീകാര നടപടികൾ പൂർത്തിയാക്കുകയും ചെയ്യേണ്ടതാണ്.

സംയോജിത/ സമഗ്ര പരിപാടിക്ക് ബാധകമായ ഫോറം (ആസൂത്രണ മാർഗരേഖയുടെ അനുബന്ധത്തിലെ ഫോറം 8) മുഖ്യ പങ്കാളി തയ്യാറാക്കണം.

3.11 സംയോജിത പരിപാടിയും അതിലെ വിവിധ ഘടകങ്ങളും (പ്രോജക്ടുകളും) ജില്ലാ ആസൂത്രണ സമിതി ഒരുമിച്ച് പരിഗണിച്ച് തീരുമാനമെടുക്കണം.

3.12 തുടർന്ന് സംയോജിത പരിപാടിയിലെ പ്രോജക്ടുകൾക്ക് അംഗീകാരവും സാങ്കേതികാനുമതി ആവശ്യമുണ്ടെങ്കിൽ അതും നേടിയെടുക്കണം. കേന്ദ്ര/ സംസ്ഥാന പദ്ധതികളുടെയോ എം.പി/ എം.എൽ.എ മാരുടെ പ്രാദേശിക വികസന പരിപാടികളുടെയോ മറ്റ് ഏജൻസികളുടെ പരിപാടികളുടെയോ വിഹിതം വകയിരുത്തുന്ന ഘടകങ്ങൾ ഉണ്ടെങ്കിൽ അവയ്ക്ക് ബാധകമായ മാർഗനിർദ്ദേശങ്ങൾ പാലിച്ച് ബന്ധപ്പെട്ട തലത്തിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്.

3.13 ഒരു സംയോജിത പരിപാടിയുടെ പൂർണ്ണ പ്രയോജനം ലഭിക്കണമെങ്കിൽ അതിലെ എല്ലാ ഘടകങ്ങളുടെയും (പ്രോജക്ടുകളുടെയും) നിർവഹണം സമയബന്ധിതമായി ആരംഭിക്കണം. ഒരു രീതിയിലും ഒഴിവാക്കാനാകാത്ത ഘടകങ്ങളുടെ കാര്യത്തിൽ ഇത് പരമ പ്രധാനമാണ്.

3.14 ഒരു സംയോജിത പരിപാടിയുടെ സുഗമമായ നിർവഹണം ഉറപ്പാക്കുന്നതിനും വിവിധ പ്രോജക്ട് ഘടകങ്ങൾ വിഭാവനം ചെയ്തത് പ്രകാരം തന്നെ നിർവഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും ഏകോപനം സാധ്യമാക്കുന്നതിനും ആ പരിപാടിയുടെ ഭാഗമായി നിർവഹണം നടത്തുന്ന വിവിധ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥരുടെ ഒരു ഏകോപന സമിതി ഉണ്ടാകണം. മുഖ്യ പങ്കാളി നടപ്പാക്കുന്ന പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥനോ അല്ലെങ്കിൽ മുഖ്യ പങ്കാളിയായ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയോ ഏകോപന സമിതിയുടെ കൺവീനർ ആയും പരിപാടിയുടെ നോഡൽ ഓഫീസർ ആയും പ്രവർത്തിക്കേണ്ടതാണ്.

## 4. പ്രോത്സാഹന സഹായത്തിന് നിർദ്ദേശിക്കൽ

4.1 എല്ലാ സംയോജിത പരിപാടികൾക്കും സർക്കാരിന്റെ പ്രോത്സാഹന സഹായം കിട്ടുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല. പ്രോത്സാഹന ധനസഹായം പ്രതീക്ഷിക്കുന്ന സംയോജിത പരിപാടികളുടെ വിശദ പദ്ധതി റിപ്പോർട്ടുകൾ 2018 സെപ്റ്റംബർ 15-ന് മുമ്പ് സംസ്ഥാന ആസൂത്രണ ബോർഡിന് ജില്ലാ ആസൂത്രണ സമിതികൾ അയച്ചുകൊടുക്കേണ്ടതാണ്.

4.2 താഴെ പറയുന്ന അർഹതാ മാനദണ്ഡങ്ങൾ എല്ലാം പാലിക്കുന്ന സംയോജിത പരിപാടികൾ മാത്രമേ പ്രോത്സാഹന ധനസഹായത്തിനുവേണ്ടി ജില്ലാ ആസൂത്രണ സമിതികൾ നിർദ്ദേശിക്കുവാൻ പാടുള്ളു.

(i) ജില്ലാ പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ട ഒരു സംയോജിത പരിപാടി ആയിരിക്കണം.

(ii) വിവിധ പ്രദേശങ്ങളുടെ സംയോജനമോ ഒന്നിലേറെ വിഷയ മേഖലകളുടെ സംയോജനമോ വിഭവങ്ങളുടെ സംയോജനമോ വിഭാവനം ചെയ്യുന്ന പരിപാടി ആയിരിക്കണം.

(iii) ഒന്നിലധികം പ്രാദേശിക സർക്കാരുകളുടെ വിഭവ പങ്കാളിത്തം ഉണ്ടാകണം.

(iv) മൂന്ന് കോടി രൂപയിൽ കൂടുതൽ അടങ്കൽ തുക വരുന്ന പരിപാടി ആയിരിക്കണം

4.3 ഒരു ഏജൻസിയുടെ വിഹിതം മാത്രം (ഉദാ: ഒരു തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വിഹിതം മാത്രം) വകയിരുത്തി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്ന പരിപാടിക്ക് അത് വിവിധ പ്രദേശങ്ങളുടെയോ വിവിധ മേഖലകളുടെയോ വിഭവങ്ങളുടെയോ സംയോജനം വിഭാവനം ചെയ്യുന്നതാണെങ്കിൽ പോലും പ്രോത്സാഹന ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

4.4 സംസ്ഥാന ആസൂത്രണ ബോർഡ്, ജില്ലാ ആസൂത്രണ സമിതികൾ നിർദ്ദേശിക്കുന്ന സംയോജിത പരിപാടികൾ പരിശോധിച്ച് മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി പ്രോത്സാഹന ധനസഹായം അനുവദിക്കാവുന്ന പരിപാടികളുടെ ചുരുക്കപ്പട്ടികയും ധനസഹായത്തിന്റെ നിരക്കും സംബന്ധിച്ച നിർദ്ദേശങ്ങൾ തയ്യാറാക്കി ഈ മാർഗരേഖയുടെ ഖണ്ഡിക 4.5 പ്രകാരമുള്ള ഉന്നതാധികാര സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

4.5 സംയോജിത പരിപാടിയുടെ അടങ്കൽ തുകയുടെ 20 ശതമാനം, പരമാവധി, രണ്ട് കോടി രൂപ പ്രോത്സാഹന ധനസഹായമായി അനുവദിക്കുന്നതാണ്.

4.6 പ്രോത്സാഹന ധനസഹായത്തിന് യോഗ്യമായ സംയോജിത പരിപാടികൾ നിശ്ചയിക്കുന്നതിന് ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു ഉന്നതാധികാര സമിതി ഉണ്ടായിരിക്കുന്നതാണ്.

| | | |
|---|---|---|
| ചെയർപേഴ്സൺ | : | തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി |
| കൺവീനർ | : | പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് |
| അംഗങ്ങൾ | : | 1. മെമ്പർ (വികേന്ദ്രീകരണം), സംസ്ഥാന ആസൂത്രണ ബോർഡ് |
| | | 2.അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ് |
| | | 3.സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് |
| | | 4. സെക്രട്ടറി, ധനകാര്യ വകുപ്പ് |
| | | 5. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ് |
| | | 6. പഞ്ചായത്ത് ഡയറക്ടർ |
| | | 7. നഗരകാര്യ ഡയറക്ടർ |
| | | 8. ഗ്രാമ വികസന കമ്മീഷണർ |
| | | 9.ചീഫ് എഞ്ചിനീയർ |
| | | 10. ചീഫ്, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ് |

4.7 ഉന്നതാധികാര സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദനീയമായ സംയോജിത പരിപാടികളും ധനസഹായത്തിന്റെ നിരക്കും നിശ്ചയിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

## 5. പ്രോത്സാഹന ധനസഹായം അനുവദിച്ച നൽകൽ

5.1 മുഖ്യ പങ്കാളിക്ക് ആയിരിക്കും ധനസഹായം അനുവദിച്ചു നൽകുക. ഒരു പരിപാടിക്ക് പ്രോത്സാഹന സഹായം ലഭിക്കുകയാണെങ്കിൽ ആ പരിപാടി വിപുലീകരിക്കുകയോ അതല്ലെങ്കിൽ പ്രോത്സാഹന സഹായം കിട്ടുന്നതുകാരണം ലഭ്യമാകുന്ന മിച്ച വിഭവം മറ്റ് പ്രോജക്ടുകൾക്ക് ഉപയോഗിക്കുകയോ അതുമല്ലെങ്കിൽ മിച്ചവിഭവം ഉപയോഗിച്ച് പുതിയ

പ്രോജക്ടുകൾ ഏറ്റെടുക്കുകയോ ചെയ്യാവുന്നതാണ്. പ്രോത്സാഹന സഹായം ലഭിക്കുന്നതിന്റെ പ്രയോജനം എല്ലാ പങ്കാളികൾക്കും ലഭിക്കുന്നതിന് വേണമെങ്കിൽ പങ്കാളികളുടെ വിഹിതത്തിൽ ജില്ലാ ആസൂത്രണ സമിതി നിശ്ചയിക്കുന്ന നിരക്കിൽ കുറവ് വരുത്താവുന്നതാണ്. പങ്കാളികളുടെ സംയുക്ത യോഗം വിളിച്ചുചേർത്ത് ഇക്കാര്യങ്ങളിൽ തീരുമാനമെടുക്കാവുന്നതാണ്.

5.2 പ്രോത്സാഹന ധനസഹായം മുഖ്യപങ്കാളിയുടെ പ്രോജക്ട് ഭേദഗതി ചെയ്ത് 'സംസ്ഥാനവിഷ്കൃത പരിപാടിയുടെ വിഹിതം' എന്ന സ്രോതസ്സിൽ വകയിരുത്തേണ്ടതാണ്.

5.3 ഫണ്ട് ആവശ്യമായ ഘട്ടത്തിൽ മുഖ്യപങ്കാളി ഫണ്ട് ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ പുരോഗതിയുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് കത്ത് നൽകണം. പ്രിൻസിപ്പൽ ഡയറക്ടർ സംയോജിത പരിപാടിയുടെ നിർവഹണ പുരോഗതി വിലയിരുത്തി അലോട്ട്മെന്റ് നൽകുന്നതാണ്.

5.4 മുഖ്യപങ്കാളിക്ക് പ്രോത്സാഹന ധനസഹായം അനുവദിച്ച (allotment) നൽകുന്നതിന് കാറ്റഗറി-ബി ഫണ്ടിന് ബാധമായ നടപടിക്രമങ്ങൾ അവലംബിക്കുന്നതാണ്.

## 6. മറ്റുള്ളവ

6.1 സംയോജിത പരിപാടികളുടെ നിർവ്വഹണ പുരോഗതി ജില്ലാ തലത്തിൽ മോണിട്ടർ ചെയ്യേണ്ട പ്രാഥമിക ഉത്തരവാദിത്തം ജില്ലാ ആസൂത്രണ സമിതിക്ക് ആയിരിക്കും.

6.2 ജില്ലാ പദ്ധതിയുടെ ഭാഗമായി ഉയർന്നുവന്ന സംയോജിത പരിപാടികളിൽ സർക്കാരിൽ നിന്നുള്ള പ്രോത്സാഹന ധനസഹായം പ്രതീക്ഷിക്കാതെ നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്ന പരിപാടികൾ സംസ്ഥാന ആസൂത്രണ ബോർഡിന് സമർപ്പിക്കേണ്ടതില്ല. അത്തരം സംയോജിത പരിപാടികൾ അനുയോജ്യമായ തലത്തിൽ/തലങ്ങളിൽ നിന്നും അംഗീകാരവും സാങ്കേതികാനുമതിയും വാങ്ങി ബന്ധപ്പെട്ടവർക്ക് നടപ്പാക്കാവുന്നതാണ്. എന്നാൽ ഇവയുടെ കാര്യത്തിൽ അഭിപ്രായ സമന്വയവും ഏകോപനവും ഉറപ്പാക്കേണ്ട ഉത്തരവാദിത്തം ജില്ലാ ആസൂത്രണ സമിതി ഏറ്റെടുക്കണം.

6.3 ജില്ലാ ആസൂത്രണ സമിതി നിർദ്ദേശിച്ച ഒരു പരിപാടിക്ക് പ്രോത്സാഹന ധനസഹായം ലഭിക്കുന്നില്ലെങ്കിലും അത് സംയോജിത പരിപാടിയായി നടപ്പാക്കുന്നതിന് തടസമില്ലെന്ന് വ്യക്തമാക്കുന്നു. അംഗീകാരവും സാങ്കേതികാനുമതിയും വാങ്ങി പങ്കാളികളുടെ വിഭവങ്ങൾ ഉപയോഗിച്ച് നടപ്പാക്കാവുന്നതാണ്.

**********